(ബി) മാവേലി സ്റ്റോറുകളിലെ സാധനങ്ങളുടെ ഗുണ നിലവാരം പരിശോധിക്കുന്നതിനുള്ള നിലവിലുള്ള സംവിധാനം എന്താണെന്ന് അറിയിക്കുമോ;

(സി) സംസ്ഥാനത്തെ റേഷൻ കടകളിൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ഡി) സംസ്ഥാനത്ത് എത്ര റേഷൻ കടകളിലാണ് ഈ വിധത്തിലുള്ള മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്?

ഉത്തരം

(എ) ഇല്ല.

(ബി) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിൽപ്പന കേന്ദ്രങ്ങളിലൂടെ വിപണനം നടത്തുന്ന സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി പരിശീലനം നൽകിയ ക്വാളിറ്റി കൺട്രോളർമാരടക്കമുള്ള ഉദ്യോഗസ്ഥരെ ചുമതപ്പെടുത്തിയിട്ടുണ്ട്.

(സി & ഡി) സംസ്ഥാനത്തെ തെരഞ്ഞെടുത്ത 1500 റേഷൻ കടകളിൽ സപ്ലൈകോ ശബരി സ്റ്റോറുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

സുനാമി ദുരിത ബാധിതർക്കുള്ള സൗജന്യ റേഷൻ

57 [2674] ശ്രീ. എം. എം. ഹസ്സൻ:

,, കെ. ബാബു:

,, എം. എ. ചന്ദ്രശേഖരൻ:

,, ലൂഡി ലൂയിസ്:

ശ്രീമതി ശോഭനാ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരിതബാധിതരുടെ പേരിൽ എത്ര റേഷൻ കടകളിലൂടെ സൗജന്യ അരി വിതരണം നടത്തി;

(ബി) ഈ കടകളുടെ പരിധിയിലുള്ള എല്ലാവർക്കും സൗജന്യ അരി നൽകുകയുണ്ടായോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) നാശനഷ്ടം ഒന്നും സംഭവിച്ചിട്ടില്ലാത്തവർക്കും സാമ്പത്തികമായി ഉയർന്ന നിലവാരം പുലർത്തുന്നവർക്കും സൗജന്യ അരി വിതരണം നടത്തിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1560 റേഷൻകടകളിലൂടെ സുനാമി ദുരിതബാധിതർക്ക് സൗജന്യ റേഷൻ വിതരണം നടത്തിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) ബന്ധപ്പെട്ട താലൂക്ക് തഹസീൽദാർമാർ നൽകിയ ലിസ്റ്റ് പ്രകാരമാണ് സൗജന്യ റേഷൻ വിതരണം നടത്തിയത്.

ലോക്കൽ പർച്ചേഴ്സ് വഴി സിവിൽ സപ്ലൈസ് കോർപ്പറേഷൻ വാങ്ങിയ പൾസസ് ആൻഡ് സ്പൈസസ് ഇനങ്ങൾ

58 [2675] ശ്രീ. ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മുതൽ 2005 മാർച്ച് 15 വരെ ഓരോ മാസവും എത്ര ക്വാണ്ടിറ്റി വീതം പൾസസ് ആൻഡ് സ്പൈസസ് ഇനങ്ങൾ സെൻട്രലൈസ്ഡ് ടെണ്ടർ വഴി വാങ്ങിയിട്ടുണ്ട്;

(ബി) പ്രസ്തുത കാലയളവിലെ ഓരോ മാസങ്ങളിലും ഓരോ ഇനങ്ങളും എത്ര ക്വാണ്ടിറ്റി വീതമാണ് വാങ്ങിയിട്ടുള്ളത് എന്ന് അറിയിക്കാമോ;

(സി) ലോക്കൽ പർച്ചേസ് വഴി സിവിൽ സപ്ലൈസ് കോർപ്പറേഷൻ പൾസസ് ആൻഡ് സ്പൈസസ് ഇനങ്ങൾ വാങ്ങിയിട്ടുണ്ടോ; വാങ്ങിയിട്ടുണ്ടെങ്കിൽ ഏതു മാസം മുതലാണ് വാങ്ങിയിട്ടുള്ളത്;

(ഡി) 2001 മുതൽ ലോക്കൽ പർച്ചേസ് വഴി ഏതൊക്കെ മാസങ്ങളിൽ ഏതൊക്കെ ഇനങ്ങൾ എത്ര ക്വാണ്ടിറ്റി വീതം വാങ്ങിയിട്ടുണ്ട് എന്നു വിശദമാക്കാമോ?

ഉത്തരം

(എ) 2001 ജനുവരി മുതൽ 2005 മാർച്ച് വരെ ഓരോ മാസവും വാങ്ങിയ പൾസസ് ആൻഡ് സ്പൈസസിന്റെ നിരക്കും (മെട്രിക് ടണ്ണിന്) ക്വാണ്ടിറ്റിയും (മെട്രിക് ടൺ) അനുബന്ധമായി വയ്ക്കുന്നു.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly